(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ മൈലം-തലവൂർ പദ്ധതിക്ക് 15-12-2011-ലാണ് ഭരണാനുമതി നൽകിയത്.

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കിണറും പമ്പ്ഹൗസും, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പൂക്കുന്നുമലയിലെ ഉപരിതല ടാങ്ക്, തലവൂർ & പിടവൂർ വില്ലേജിലെ സോൺ-1 ലേക്ക് ഡി.ഐ പൈപ്പ് ഉപയോഗിച്ചുള്ള വിതരണ ശൃംഖലകൾ എന്നിവ പൂർത്തിയായി. റോ വാട്ടർ പമ്പ് സെറ്റ് സപ്ലൈ ചെയ്യസ്ഥാപിച്ചുവരുന്നു. ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിച്ചുകഴിഞ്ഞു. പവർ കണക്ഷൻ കിട്ടാത്തതിനാൽ ട്രയൽ റൺ നടന്നിട്ടില്ല. തലവൂർ പഞ്ചായത്തിലെ സോൺ-2 ലേക്കുള്ള ഡി.ഐ പൈപ്പ് ഉപയോഗിച്ചിട്ടുള്ള വിതരണ ശൃംഖല, സോൺ-1 ലേക്കും 2-ലേക്കും പി.വി.സി. പൈപ്പ് ഉപയോഗിച്ചുള്ള വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ഗാന്ധിമുക്കിലുള്ള ഉപരിതല ടാങ്ക്, പൂക്കുന്നുമല ഉപരിതല ടാങ്കിൽനിന്നും ഗാന്ധിമുക്കിലെ ഉപരിതല ടാങ്കിലേക്കുള്ള ട്രാൻസ്മിഷൻ മെയിൻ എന്നിവയുടെ പ്രവൃത്തികൾ റീ-ടെൻഡർ ചെയ്യേണ്ടതുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തി 31-3-2016-ൽ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

മാടായി ഗ്രാമപഞ്ചായത്തിലെ കടിവെള്ള ക്ഷാമം

147 (2356) ശ്രീ. ടി .വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്യാശ്ശേരി നിയമസഭാ മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന മാടായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്രയുംവേഗം ഫണ്ട് ലഭ്യമാക്കുന്നതിനും അംഗീകാരം നല്കുന്നതിനും നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം നടപ്പിലാക്കിയ കുടിവെള്ള പദ്ധതിവഴി ജലവിതരണം നടത്തിവരുന്നു. ഈ പദ്ധതിക്ക് ആവശ്യമായ ജലം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ (പട്ടുവം) നിന്നുമാണ് ലഭ്യമാക്കുന്നത്. ഈ പദ്ധതി കൂടാതെ താഴെ പറയുന്ന 4 ഗ്രാമീണ കുടിവെള്ള പദ്ധതികൾകൂടി നടപ്പിലാക്കി വരുന്നു:

1. വെങ്ങര മൂലക്കടവ് ഗ്രാമീണ കുടിവെള്ള പദ്ധതി.

2. മാടായിപ്പാറ ഗ്രാമീണ കുടിവെള്ള പദ്ധതി.

3. മാടായി എഫ്.എം.സി. ഗ്രാമീണ ശുദ്ധജലപദ്ധതി.

4. കടപ്പുറം ചാൽ ചൂട്ടാട്ട് ഗ്രാമീണ കുടിവെള്ള പദ്ധതി.

മേൽപ്പറഞ്ഞ നാല് പദ്ധതികളിലൂടെ ആകെ 161 പൊതു ടാപ്പുകൾ വഴിയും 468 ഗാർഹിക കണക്ഷൻ വഴിയും ജലവിതരണം നടത്തിവരുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾവഴി മാടായി ഗ്രാമപഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ജലവിതരണം നടത്തുന്നതിന് 510 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. പദ്ധതിക്കാവശ്യമായ ടാങ്ക് പണിയുന്നതിനുവേണ്ടിയുള്ള 5 സെന്റ് സ്ഥലം മാടായി ഗവൺമെന്റ് ഐ.ടി.ഐ. യുടെ അധീനതയിൽനിന്നും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനനുസൃതമായി മാത്രമേ ഫണ്ട് അനുവദിക്കുന്നത്, അംഗീകാരം നൽകുന്നത് തുടങ്ങിയ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ശുദ്ധജല വിതരണ പദ്ധതി

148 (2357) ശ്രീ. എസ്. ശർമ്മ :

ശ്രീ. സാജു പോൾ :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly